# ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ, ഇടുക്കി

(സിവിൽ സ്റ്റേഷൻ പൈനാവ് പി.ഒ. കുയിലിമല ഇടുക്കി)

ഫോൺ നം.04862 232248 ഇ മെയിൽ info@dtpcidukki.com

നം.എ1.151/2020 തീയതി:15.02.2022.

## ക്വട്ടേഷൻ നോട്ടീസ്.

ഇടുക്കി ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിന്റെ ഉടമസ്ഥതയിൽ ഉള്ള താഴെ വിവരിക്കുന്ന കെട്ടിടങ്ങൾ 11 മാസക്കാലത്തേയ്ക്ക് നിശ്ചയിക്കുന്ന വാടക മുൻകൂറായി അടച്ച് എഗ്രിമെന്റ് വയ്ക്കണമെന്ന വ്യവസ്ഥയോടെ ഏറ്റെടുത്ത് നടത്തുന്നതിനുള്ള അവകാശം ലഭിക്കുന്നതിന് സീൽ ചെയ്ത ക്വട്ടേഷൻ ക്ഷണിക്കുന്നു.

| ക്രമ നമ്പർ | കെട്ടിടത്തിന്റെ വിവരം | സെക്യൂരിറ്റി ഡെപ്പോസിറ്റ് | ഇ.എം.ഡി ഡെപ്പോസിറ്റ് |
|---|---|---|---|
| 1. | എ1-151/2020<br>അരുവിക്കുഴി ടൂറിസം സെന്റർ കെട്ടിടത്തിലെ താഴത്തെ നിലയും അതിനോടനുബന്ധിച്ചുള്ള ഏരിയായും | രൂപ 1,00,000/- | രൂപ 10,000/- |
| 2. | എ1.260/15<br>മുണ്ടക്കയം കുട്ടിക്കാനം റോഡിന്റെ ഇടതുവശം പുല്ലുപാറയിൽ ഉള്ള 2 മുറിയും ടൊയ്‌ലറ്റ് ബ്ലോക്കും ഉള്ള കെട്ടിടം | രൂപ1,00,000/- | രൂപ 10,000/- |

ക്വട്ടേഷൻ സ്വീകരിക്കുന്ന സമയം 28.02.22 3 പി.എം വരെ

ക്വട്ടേഷൻ തുറക്കുന്ന സമയം 02.03.22 11.30 എ.എം

കൂടുതൽ വിവരങ്ങൾക്ക് ആഫീസുമായി ബന്ധപ്പെടുക

ഫോൺ 04862 232248 വെബ് സൈറ്റ് www.dtpcidukki.com

### നിബന്ധനകൾ

1. സീൽ ചെയ്ത ക്വട്ടേഷനുകൾ 28.02.2022 വൈകുന്നേരം 3 മണിവരെ ഇടുക്കി സിവിൽ സ്റ്റേഷനിൽ ഉള്ള ഡി.റ്റി.പി.സി ആഫീസിൽ നേരിട്ടോ, തപാൽ മുഖേനയോ സമർപ്പിക്കാവുന്നതാണ്.
2. സീൽ ചെയ്ത് സമർപ്പിക്കുന്ന ക്വട്ടേഷനോടൊപ്പം നിരതദ്രവ്യമായി ഇടുക്കി ഡി.റ്റി.പി.സി സെക്രട്ടറിയുടെ പേരിൽ എസ്.ബി.ഐ. ഇടുക്കി ബ്രാഞ്ചിൽ മാറാവുന്ന 10000/- രൂപയുടെ (രൂപാ പതിനായിരം മാത്രം) ഡി‍ഡി ചേർത്തിരിക്കേണ്ടതാണ്. ഡി.ഡി. ചേർക്കാത്ത ക്വട്ടേഷനുകൾ സ്വീകരിക്കുന്നതല്ല.
3. കവറിന് പുറത്ത് ഏത് കെട്ടിടത്തിനുള്ള ക്വട്ടേഷൻ ആണെന്ന് ചേർക്കേണ്ടതാണ്..
4. മേൽ വിവരിച്ച കെട്ടിടങ്ങൾക്ക് 11 മാസക്കാലത്തേയ്ക്ക് നൽകുവാൻ തയ്യാറുള്ള മൊത്തം വാടക തുകയാണ് ക്വട്ടേഷനിൽ രേഖപ്പെടുത്തേണ്ടത്.
5. ക്വട്ടേഷൻ സമർപ്പിക്കുന്ന എല്ലാവരും തിരിച്ചറിയൽ രേഖ സഹിതം ക്വട്ടേഷൻ തുറക്കുന്ന സമയം ഹാജരായിരിക്കേണ്ടതാണ്.
6. ക്വട്ടേഷനുകൾ 02.03.22-ാം തീയതി രാവിലെ 11.30-ന് ഇടുക്കി ജില്ലാ കളക്ടർ മുമ്പാകെ തുറക്കുന്നതും ഏറ്റവും കൂടുതൽ തുക രേഖപ്പെടുത്തിയ ആളുടെ പേരിൽ ലേലം താൽക്കാലികമായി ഉറപ്പിക്കുന്നതും ലേല തുകയുടെ മൂന്നിൽ ഒന്ന് അപ്പോൾതന്നെ അടക്കേണ്ടതുമാണ്.
7. ലേലം സ്ഥിരപ്പെടുത്തി അറിയിപ്പ് ലഭിച്ച് അഞ്ച് ദിവസത്തിനകം ക്വട്ടേഷൻ പ്രകാരം ഉള്ള ബാക്കി തുകയും ഡെപ്പോസിറ്റ് തുകയും ഡി.റ്റി.പി.സി ആഫീസിൽ അടച്ച് എഗ്രിമെന്റ് വച്ച ശേഷം കെട്ടിടം ഏറ്റെടുക്കാവുന്നതാണ്. സമയപരിധിക്കുള്ളിൽ തുക അടച്ച് എഗ്രിമെന്റ് വയ്ക്കാത്ത പക്ഷം അടച്ച തുക ഡി.റ്റി.പി.സി-യിലേക്ക് മുതൽ കൂട്ടുന്നതാണ്.

സാധാരണ ലേലം സംബന്ധിച്ച പൊതു നിബന്ധനകൾ ഈ ലേലത്തിനും ബാധകമായിരിക്കും.

DISTRICT TOURISM PROMOTION COUNCIL
PAINAVU P.O.
PIN - 685 603.
IDUKKI

സെക്രട്ടറി
ഡി.റ്റി.പി.സി ഇടുക്കി.